## പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4914 — 23.03.2018 -ലെ മറുപടിക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ഭവനനിർമ്മാണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അടൂർ പ്രകാശ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മാത്രം ഏതെങ്കിലും ഭവനനിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2 വർഷങ്ങളിലായി പട്ടികജാതി വിഭാഗത്തിന് 22000 വീടുകളും പട്ടികവർഗ്ഗ വിഭാഗത്തിന് 6709 വീടുകളും അനുവദിച്ചിട്ടുണ്ട്. ലൈഫ് മിഷൻ മാർഗ്ഗനിർദ്ദേശമനുസരിച്ച് പട്ടികജാതി വിഭാഗക്കാർക്കുള്ള ധനസഹായം 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിലവിൽ ഭൂമിയുള്ള കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനും ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വിവിധ ഭാഗങ്ങളിൽ വാസയോഗ്യമായ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി വിസ്തീർണ്ണം 400 square feet-ഉം ചിലവ് 6 ലക്ഷം രൂപയിലും പരിമിതപ്പെടുത്തി വ്യക്തിഗത ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നതിനും Life Mission മുഖേന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനുപുറമേ, 2007-08 മുതൽ 2015-16 വരെ അനുവദിച്ചതിൽ പൂർത്തിയാകാതെയുള്ള വീടുകൾ പൂർത്തീകരിക്കുവാൻ ഒരു ഗഡുസംഖ്യ അധികമായി അനുവദിക്കുന്ന ഒരു പ്രത്യേക പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. |

(ബി) 25-5-16 ന് ശേഷം ഇതുവരെ ഈ ഓരോ വിഭാഗത്തിനും ഭവനനിർമ്മാണത്തിനായി എത്ര തുക അനുവദിച്ചു;വ്യക്തമാക്കുമോ;

(ബി) 25.05.2016 ന ശേഷം നാളിതുവരെ ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക ഇപ്രകാരമാണ്

| | പട്ടികജാതി വികസന വകുപ്പ് | പട്ടികവർഗ്ഗ വികസന വകുപ്പ് |
|---|---|---|
| 2016-17 | 234,50,09,800/- | 238,70,00,000/- |
| 2017-18 | 308,09,05,510/- | 150,37,00,000/- |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗങ്ങൾക്കായി എത്ര പുതിയ വീടുകൾ അനുവദിച്ചു; അതിൽ എത്രയെണ്ണം നിർമ്മാണം പൂർത്തിയായി; പട്ടികവർഗ്ഗ വിഭാഗത്തിനായി എത്ര പുതിയ വീടുകൾ അനുവദിച്ചു; അതിലെത്രയെണ്ണം പൂർത്തിയായി; വിശദാംശം ലഭ്യമാക്കുമോ?

(സി)

| | പട്ടികജാതി വികസന വകുപ്പ് | | പട്ടികവർഗ്ഗ വികസന വകുപ്പ് | |
|---|---|---|---|---|
| | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ചത് | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ചത് |
| 2016-17 | 14946 | 7435 | 6709 | 31 |
| 2017-18 | 7000 | 314 | -- | -- |

ഇതിലുപരിയായി പട്ടികജാതി വികസന വകുപ്പിന്റെ പരിധിയിൽ മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ചതിൽ സ്പിൽ ഓവറായുണ്ടായിരുന്ന 16360 വീടുകളിൽ 6308 സ്പിൽ ഓവർ വീടുകളുടെ നിർമ്മാണവും ഈ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ